# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6589

08.11.2016 ൽ - മറുപടിക്ക്

## റേഷൻ കടകൾ ഭക്ഷ്യ സുരക്ഷാ നിയമത്തിന് കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ പി.കെ.ബഷീർ

(എ) സംസ്ഥാനത്തെ റേഷൻ കടകൾ ഭക്ഷ്യ സുരക്ഷാ നിയമത്തിന് കീഴിൽ കൊണ്ടുവരുന്നതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യസുരക്ഷാ നയത്തിന്റെ ഭാഗമായി റേഷൻകടകളുടെ നവീകരണവും മറ്റും നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത്;

(സി) റേഷൻ കടകളിൽ കമ്പ്യൂട്ടർ സംവിധാനവും, ബയോമെട്രിക് സംവിധാനവും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി)

(എ) & (ബി) എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ ഭാഗമായി 2015 ആഗസ്റ്റ് മുതൽ 2016 ഏപ്രിൽ വരെയുള്ള കാലയളവിൽ ഒരു മോഡൽ പൈലറ്റ് നടത്തിയിരുന്നു. മോഡൽ പൈലറ്റിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം ജില്ലകളിലുള്ള 22 റേഷൻ കടകളിൽ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീൻ സ്ഥാപിച്ച് ബയോമെട്രിക് ഐഡന്റിഫിക്കേഷൻ വഴിയോ **OTP** ആതന്റിക്കേഷൻ വഴിയോ കാർഡുടമയെ തിരിച്ചറിഞ്ഞ് റേഷൻ നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിരുന്നു. തിരുവനന്തപുരം ജില്ലയിലെ 6 റേഷൻകടകളിൽ പൂർണ്ണമായും ഓൺലൈൻ ആയി ബയോമെട്രിക് ആതന്റിക്കേഷൻ നടത്തി ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതിന് ഒരു പ്രീ-പൈലറ്റ് പദ്ധതിയും നടപ്പാക്കിയിരുന്നു.

രണ്ടു പദ്ധതികൾക്കും മുന്നോടിയായി റേഷൻ കടകളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഒരേ നിറത്തിൽ പെയിന്റ് ചെയ്യുകയും അത്യാവശ്യം അറ്റകുറ്റപ്പണികൾ നടത്തുകയും തറ ടൈൽ പാകുകയും ഇലക്ട്രിക് വയറിംഗ് നവീകരിക്കുകയും ചെയ്തു. റേഷൻകടയുടെ വയബിലിറ്റി (ജീവനക്ഷമത) ഉറപ്പാക്കുന്നതിനു വേണ്ടി വേൾഡ് ഫുഡ് പ്രോഗ്രാം ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. റേഷൻ കടകളിൽ എല്ലാം ഗുണഭോക്താക്കളുടെ ബയോമെട്രിക് വിവരങ്ങൾ ഉൾപ്പെടുത്തി ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ